കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

## കേരള സംഗീത നാടക അക്കാദമി പ്രവാസി നാടകോത്സവം : ചെന്നൈയിൽ സംഘാടക സമിതി രൂപീകരിച്ചു

കേരള സംഗീത നാടക അക്കാദമി ജൂലൈ 23 ന് ചെന്നൈയിലെ മദിരാശി കേരള സമാജം ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന പ്രവാസി നാടകോത്സവത്തിന്റെ സംഘാടക സമിതി രൂപീകരിച്ചു. തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും തെരഞ്ഞെടുക്കപ്പെട്ട പ്രവാസി നാടകങ്ങൾ ഉൾപ്പെടുത്തിയാണ് ചെന്നൈയിൽ അക്കാദമി പ്രവാസി നാടകോത്സവം സംഘടിപ്പിക്കുന്നത്. ഡോ.എ.വി.അനൂപ് ചെയർമാനായും, ഗോകുലം ഗോപാലൻ, എം.പി.പുരുഷോത്തമൻ, ഡോ.സി.ജി. രാജേന്ദ്ര ബാബു, കെ.വി.വി.മോഹനൻ, കല്പക ഗോപാലൻ, പി.കെ.എൻ പണിക്കർ ,എസ്.എസ് പിള്ള , എം.ശിവദാസൻ പിള്ള, ലയൺ ഡോ. വി.എസ്.എ.വിജയകുമാർ, പോപ്പുലർ വിജയകുമാർ ,വള്ളത്തോൾ ഉണ്ണികൃഷ്ണൻ,സഹദേവൻ മാസ്റ്റർ,സോമൻ മാത്യു എന്നിവർ രക്ഷാധികാരികളുമായുള്ള സംഘാടക സമിതിയാണ് രൂപീകരിച്ചത്. . പ്രീമിയർ ജനാർദ്ദനൻ, കെ.മാത്യു, വി.സി.പ്രവീൺ, പി.എൻ ശ്രീകുമാർ, എം.പി.അൻവർ, ആർ.കെ.ശ്രീധരൻ, ടി.കെ അബ്ദുൾ നാസർ, കുമ്പളങ്ങാട് ഉണ്ണികൃഷ്ണൻ, വി.പരമേശ്വരൻ നായർ, സോമൻ കൈതക്കാട്, ഇന്ദു കലാധരൻ,ആർ.രാധാകൃഷ്ണൻ, പി.എൻ. രവി , ഡോ.എം.പി.ദാമോദരൻ എന്നിവർ വൈസ്ചെയർമാന്മാരും ഡോ.കെ.ജെ.അജയകുമാർ ജനറൽകൺവീനറും കെ.കെ.ശശിധരൻ, പി.എ സുരേഷ് കുമാർ, സോജൻ ജോസഫ്, ഇ.എൻ ജയചന്ദ്രൻ, രജനി മനോഹരൻ, വള്ളി ധർമ്മൻ, സുനിത രാധാകൃഷ്ണൻ, ലത കൃഷ്ണകുമാർ, പി.ആർ സ്മിത എന്നിവർ ജോയിന്റ്കൺവീനർമാരും ആണ്. പ്രോഗ്രാം കമ്മിറ്റി ചെയർമാനായി കെ.കെ അബ്ദുൾ റഷീദിനെയും കൺവീനറായി കെ.കെ രാജീവിനെയും തെരഞ്ഞെടുത്തു. റിസപ്ഷൻ ആന്റ് അക്കമഡേഷൻ കമ്മിറ്റി ചെയർമാൻ കെ.ആർ ഗോപകുമാറും കൺവീനർ ജോഷി കുറ്റിക്കാടനും ഫുഡ് കമ്മിറ്റി ചെയർമാൻ സി.കെ.ഗംഗാധരനും കൺവീനർ എം.കെ.രാജപ്പനും സ്റ്റേജ് കമ്മിറ്റി ചെയർമാൻ കെ.വി.ശശിധരനും കൺവീനർ കെ.ആർ.രാജീവും ആണ് . ഓഡിറ്റോറിയം കമ്മിറ്റി ചെയർമാൻ ആർ.രാജ് കുമാറും കൺവീനർ ബിപിൻ കെ.യും പബ്ലിസിറ്റി കമ്മിറ്റി ചെയർമാൻ പ്രഷീദ് കുമാറും കൺവീനർ എ.ജയരാജും ട്രാൻസ്പോർട്ട് ആന്റ്വളണ്ടിയർ കമ്മിറ്റി ചെയർമാൻ സജി വർഗീസും കൺവീനർ മനോജ്.കെയുമാണ്. മികച്ച ആറ് നാടകങ്ങളുടെ അവതരണം നടക്കുന്ന ചെന്നൈയിലെ അക്കാദമി പ്രവാസി നാടകോത്സവം അവിസ്മരണീയമായ സാംസ്കാരികാനുഭവമായിത്തീരുമെന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി പറഞ്ഞു.

കരിവെള്ളൂർ മുരളി
സെക്രട്ടറി